Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

7103/ജെ/കെ.എസ്എച്ച്.ഒ./2017 23..03..2018

പ്രേഷകൻ

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
കുടുംബശ്രീ

സർ,

വിഷയം: കുടുംബശ്രീ - ജില്ലാതല ഭക്ഷ്യമേളകൾ - കമ്മിഷൻ തുക വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ 28/07/2017 ലെ ഇതേ നമ്പർ നടപടിക്രമം

2. ഫെബ്രുവരി 26, 27 തീയതികളിലെ സംസ്ഥാനതല പി.ആർ.എം. തീരുമാനം

കഫേ കുടുംബശ്രീ യൂണിറ്റുകളുടെ ഉന്നമനത്തിനും വിപണി വികസനത്തിനുമായി ഭക്ഷ്യമേളകളുടെ സംഘാടനം 2017-18 സാമ്പത്തിക വർഷത്തിൽ സുസ്ഥിരവും കാര്യക്ഷമമവുമായി സംഘടിപ്പിക്കുന്നതിന് സൂചന (1) പ്രകാരം ജില്ലാതല ഭക്ഷ്യമേളകൾ നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ജില്ലകളിൽ നടത്തിയ ഭക്ഷ്യമേളകളിൽ നിന്നും ലഭിച്ച വിറ്റുവരവിന്റെ 20% കമ്മിഷൻ തുക ജില്ലാമിഷനിൽ ലഭ്യമാണെന്ന് ഡിഎംസിമാർ സൂചന (2) പ്രകാരമുള്ള പി.ആർ.എം.ൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം ബാക്കിയായ തുക ഡിഎംസിയുടെ പേരിൽ ജില്ലയിൽ ട്രേഡ് ഫെയർ എന്ന പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിച്ച് ഫുഡ് ഫെസ്റ്റ് ഫെസിലിറ്റേഷനായി വിനിയോഗിക്കാവുന്നതാണ്. സൂചന (2) പ്രകാരമുള്ള തീരുമാനമനുസരിച്ച് ജില്ലാമിഷന് ടി തുക ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ സ്ഥാവര ജംഗമ വസ്തുക്കൾ വാങ്ങുന്നതിനും തുടർന്നുള്ള മേളകൾ സംഘടിപ്പിക്കുന്നതിനായും വിനിയോഗിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org